Vol-1,N0:29
03-11-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

പ്രധാനവാർത്തകൾ

01. വിശ്വാസകൈമാറ്റം വിശ്വാസികളുടെ കടമ തന്നെ: മാർ പവ്വത്തിൽ
02. കന്യാസ്ത്രീ ആക്രമണം : അക്രമികൾക്കെതിരേ നടപടി വേണമെന്നു സി. ബി. സി. ഐ
03. ക്രൈസ്തവ മിഷനറിമാർക്കെതിരെയുള്ള അക്രമം അവസാനിപ്പിക്കണം
04. വിദ്യാർത്ഥി രാഷ്ട്രീയം : ഇനിയും പഠിക്കാത്തതു ദുഃഖകരമെന്ന് മാർ പവ്വത്തിൽ
05. കേരളത്തിൽ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കണം : കത്തോലിക്ക കോൺഗ്രസ്
06. ഈ വർഷം 29 ഹർത്താൽ

## 01. വിശ്വാസകൈമാറ്റം വിശ്വാസികളുടെ കടമ തന്നെ: മാർ പവ്വത്തിൽ

(ഐക്യ-ജാഗ്രതാ കമ്മീഷൻ)

ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രബിന്ദുവാണ് വിശ്വാസമെന്നും, വരും തലമുറയ്ക്ക് വിശ്വാസം കൈമാറുവാനുള്ള കടമ ഓരോ വിശ്വാസികൾക്കുമുണ്ടെന്നും ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ പറഞ്ഞു. കെ. സി. ബി. സി ഐക്യ-ജാഗ്രതാ കമ്മീഷൻ സംഘടിപ്പിച്ച രൂപതാ പി. ആർ. ഒ-ക്കായുള്ള സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച് ബിഷപ്പ്. വെല്ലുവിളികൾ രൂക്ഷമായ സാമൂഹിക സാഹചര്യങ്ങളിൽ വസ്തുതകൾ ശേഖരിക്കാനും വിശകലനം ചെയ്യാനും യഥാവിധി സംവാദിക്കാനുമുള്ള സഭാ സംവിധാനങ്ങൾ ഉണർന്നിരിക്കേണ്ടതുണ്ട്. സഭാമേലധ്യക്ഷന്മാരും വിശ്വാസികളും തമ്മിൽ ഭിന്നതയുണ്ടെന്ന് വരുത്തിതീർക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളിൽ ചില രാഷ്ട്രീയ നേതാക്കളും മാധ്യമങ്ങളും വ്യാപൃതരാകുന്നുണ്ട്. വിദ്യാഭ്യാസരംഗം കത്തോലിക്കാ സഭയുടെ പ്രേഷിത പ്രവർത്തനത്തിന്റെ ഭാഗമാണ്. ഈ പ്രേഷിതപ്രവർത്തനത്തിന് പ്രതിബന്ധമുണ്ടാക്കാനുള്ള ശ്രമങ്ങളെ സഭ ശക്തിയുക്തം എതിർക്കുക തന്നെ ചെയ്യണമെന്ന് കെ. സി. ബി. സി ഐക്യ-ജാഗ്രതാ കമ്മീഷൻ ചെയർമാൻ കൂടിയായ ചെയ്യും ആർച്ച് ബിഷപ്പ് പറഞ്ഞു.

കെ. സി. ബി. സി മീഡിയ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ തോമസ് ചക്യത്ത് അധ്യക്ഷത വഹിച്ചു. ഐക്യം കാത്തുസൂക്ഷിക്കുവാനുള്ള ശ്രമം സുവിശേഷാധിഷ്ഠിതമായ പ്രവർത്തനമാണെന്ന് കെ. സി. ബി. സി ഐക്യ-ജാഗ്രതാ കമ്മീഷന്റെ വൈസ് ചെയർമാനും കെ. സി. ബി. സി ദൈവശാസ്ത്ര കമ്മീഷന്റെ ചെയർമാനുമായ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു ബിഷപ്പ്. ഓരോ സാമൂഹിക പ്രശ്നങ്ങളെയും നാം എങ്ങനെ കാണുന്നുവെന്നും അവയോടുള്ള നമ്മുടെ പ്രതികരണവും സമീപനവും എങ്ങനെയായിരിക്കണമെന്ന് നാം ചിന്തിക്കേണ്ടതുണ്ട്. രാഷ്ട്രീയത്തിനും ജനാധിപത്യത്തിനും വിശുദ്ധി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ തീർച്ചയായും ഇത്തരമൊരു ആശയസംവേദനപരിപാടി അനിവാര്യമാണ്-ബിഷപ് പറഞ്ഞു.

റവ. ഡോ. സ്റ്റീഫൻ ആലത്തറ, റവ. ഫാ ജോണി കൊച്ചുപറമ്പിൽ എം. എസ്. റ്റി, അഡ്വ. ചാർളി പോൾ എന്നിവർ പ്രസംഗിച്ചു. എം. എസ് മേനോൻ, റവ. ഫാ. ബാബു ജോസഫ് കാരക്കൊമ്പിൽ, റവ. ഡോ. ജോസ് പാലക്കീൽ എന്നിവർ ക്ലാസ്സു നയിച്ചു.

02. **കന്യാസ്ത്രീ ആക്രമണം : അക്രമികൾക്കെതിരേ നടപടി വേണമെന്നു സി. ബി. സി. ഐ**

(Deepika 28-10-2007)

ഇൻഡോറിൽ കന്യാസ്ത്രീകളെ ആക്രമിച്ചതിൽ വ്യാപകമായ പ്രതിഷേധം. ക്രൈസ്തവർക്ക് നേരെ ആസൂത്രിത ആക്രമണങ്ങൾ തുടർക്കഥയാകുകയാണെന്നും കുറ്റക്കാർക്കെതിരേ കർശന നടപടി വേണമെന്നും ബിഷപ്പുമാരും സി. ബി. സി. ഐയും ആവശ്യപ്പെട്ടു. കുറ്റവാളികൾക്കെതിരെ നടപടിയെടുക്കുന്നതിൽ സംസ്ഥാന സർക്കാർ വീഴ്ച വരുത്തുകയാണെന്ന് ഭോപ്പാൽ ആർച്ച ബിഷപ്പും മധ്യപ്രദേശ് ബിഷപ്സ് കൗൺസിൽ അധ്യക്ഷനുമായ റവ. ഡോ. ലിയോ കോർണേലിയോ പറഞ്ഞു. ആക്രമണത്തെ ന്യായീകരിക്കാൻ ബന്ധപ്പെട്ടവർ മത പരിവർത്തനം നടത്തുന്നില്ലെന്നു ബിഷപ് കോർണേലിയോ ചൂണ്ടിക്കാട്ടി. ക്രൈസ്തവർക്ക് എതിരായുള്ള ആക്രമണങ്ങൾ പുതിയതല്ലെന്നും, തങ്ങളുടെ സഹനം ബലഹീനതയായി കാണുകയാണെന്നും അദ്ദേഹം ആരോപിച്ചു. ഇൻഡോർ ബിഷപ് മാർ ജോർജ്ജ് ആനാത്തിൽ, സി. ബി. സി. ഐ വക്താവ് ബാബു ജോസഫ് എന്നിവരും സംഭവത്തെ അവലപിച്ചു. പ്രതിഷേധ സൂചകമായി ഇൻഡോർ രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന 11 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഒരു ദിവസത്തെ അവധി നൽകി. ഭോപ്പാലിൽ ചേരുന്ന സഭാപ്രതിനിധികളുടെ യോഗത്തിൽ ഭാവിപരിപാടികൾ തീരുമാനിക്കുമെന്ന് കത്തോലിക്കാസഭയുടെ വക്താവ് ഫാ. ആനന്ദ് മുട്ടുങ്കൽ പറഞ്ഞു. കുറ്റവാളികൾക്കതിരെ നടപടിയെടുക്കാൻ മടിക്കുന്ന സംസ്ഥാന സർക്കാരിന്റെ നീക്കം ദൂര വ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും, മതേതര പാർട്ടികളും സംഘടനകളും നൽകുന്ന പിന്തുണയിൽ സഭയ്ക്ക് സന്തോഷമുണ്ടെന്നു ഫാ. ആനന്ദ് അറിയിച്ചു.

മധ്യപ്രദേശിലെ ഇൻഡോറിലെ ഭഗീരഥ് പുരയിലാണ് ഒക്ടോബർ 25-ന് ധർമ രക്ഷാ സമിതി പ്രവർത്തകർ മലയാളികളായ അഞ്ച് കന്യാസ്ത്രീകളെ ആക്രമിച്ചത്. പ്രാർത്ഥനാ യോഗത്തിൽ പങ്കെടുത്തു മടങ്ങുമ്പോഴായിരുന്നു ആക്രമണം. സംഭവത്തിൽ എഫ്. സി. സി സഭാംഗങ്ങായ തൃശൂർ തട്ടേക്കാടൻ അന്തോണിയുടെ മകൾ ജിൻസി, കൽപ്പറമ്പത്ത് യോഹന്നാന്റെ മകൾ സായൂജ്യ, തറയിൽ ദേവസിയുടെ മകൾ അന്ന മരിയ, പറവൂർ സ്വദേശി ജോണിന്റെ മകൾ പവിത്ര, അങ്കമാലി കോട്ടക്കൽ മാത്യുവിന്റെ മകൾ ശ്വേത എന്നിവരാണ് ആക്രമിക്കപ്പെട്ടത്.

03. **ക്രൈസ്തവ മിഷനറിമാർക്കെതിരെയുള്ള അക്രമം അവസാനിപ്പിക്കണം**

(ഐക്യ-ജാഗ്രതാ കമ്മീഷൻ)

മധ്യപ്രദേശിലെ ഇൻഡോറിൽ എഫ്. സി. സി കോൺവെന്റിലെ മലയാളികളായ കന്യാസ്ത്രീകൾക്ക് നേരെ ബജ്റംഗ്ദൾ പ്രവർത്തകർ നടത്തിയ ആക്രമണത്തിൽ കെ. സി. ബി. സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ശക്തമായി പ്രതിഷേധിച്ചു. സിസ്റ്റർ റാണി മരിയയെ കൊലപ്പെടുത്തിയ ഇൻഡോറിൽ വീണ്ടും വീണ്ടും കന്യാസ്ത്രീകൾ ആക്രമിക്കപ്പെടുന്നതിൽ അദ്ദേഹം ഉത്കണ്ഠ രേഖപ്പെടുത്തി. ക്രൈസ്തവ മിഷനറിമാരെ നശിപ്പിക്കുവാനുള്ള സംഘപരിവാറിന്റെയും ബജ്റംഗ്ദളിന്റെയും നീഗൂഢ നീക്കത്തിന്റെ വ്യക്തമായ തെളിവാണിതെന്ന് അദ്ദേഹം ആരോപിച്ചു. ക്രൈസ്തവ മിഷനറിമാരെ ഭീഷണിപ്പെടുത്തുക, കള്ളക്കേസിൽ കുടുക്കുക, ദേഹോപദ്രവം ചെയ്യുക ഇവയെല്ലാം സംഘപരിവാറിന്റെ ക്രൈസ്തവ വിരുദ്ധ നിലപാടിന്റെ ഭാഗമാണ്. കന്യാസ്ത്രീകൾ തങ്ങളോടൊപ്പം ജോലി ചെയ്യുന്ന ഒരു കത്തോലിക്കന്റെ വീട്ടിലാണ് പ്രാർത്ഥനയ്ക്ക് പോയത്. അതിനെയാണ് മതപരിവർത്തനം എന്ന പേരും പറഞ്ഞ് ബജ്റംഗ്ദൾ പ്രവർത്തകർ ആക്രമിച്ചത്. എഫ്. ഐ. ആർ തയ്യാറാക്കുവാൻ വിമുഖത കാണിച്ച പോലീസിന്റെ പ്രവർത്തനത്തിൽ ദുരൂഹതയുണ്ട്. സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും സംഭവം മറച്ചുവെയ്ക്കുവാൻ ശ്രമിച്ചത് തികച്ചും അപലപനീയമാണ്. കന്യാസ്ത്രീകളെ ശാരീരികമായി പരിക്കേല്പിക്കുകയും, ബഹുദൂരം വലിച്ചിഴയ്ക്കുകയും, വസ്ത്രങ്ങൾ കീറുകയും ചെയ്തു. സ്ത്രീകളോട് കാണിക്കേണ്ട അടിസ്ഥാന ആദരവും ബഹുമാനവും പോലും അവർ കാണിച്ചില്ല. കന്യാസ്ത്രീകളെ ആക്രമിച്ചവർക്കെതിരെ ഉടൻ കർശന നടപടി സ്വീകരിക്കണമെന്നും മിഷനറിമാരെ ആക്രമിക്കുന്നതിൽ നിന്ന് പിന്തിരിയണമെന്നും കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആവശ്യപ്പെട്ടു.

04. **വിദ്യാർത്ഥി രാഷ്ട്രീയം : ഇനിയും പഠിക്കാത്തതു ദുഃഖകരമെന്ന് മാർ പവ്വത്തിൽ**

(Deepika 28-10-2007)

കലാലയങ്ങളിലെ രാഷ്ട്രീയ കലാപങ്ങൾക്ക് ഒരു രക്തസാക്ഷി കൂടിയുണ്ടാവുമ്പോഴും കേരളത്തിലെ വിദ്യാഭ്യാസരംഗവും രാഷ്ട്രീയ നേതൃത്വവും ഇവയിൽ നിന്ന് ഒന്നും പാഠമാകുന്നില്ലെന്നത് ഖേദകരമാണെന്ന് ഇന്റർ ചർച്ച് കൗൺസിൽ ചെയർമാൻ മാർ ജോസഫ് പവ്വത്തിൽ.

1970-നു ശേഷം കലാലയരാഷ്ട്രീയത്തിലെ 46-മത്തെ കൊലപാതകമായിരുന്നു പെരുന്ന എൻ. എസ്. എസ് കോളേജ് പരിസരത്ത് നടന്നത്. കോളേജുകളിലെ കക്ഷിരാഷ്ട്രീയം കടുത്ത അസഹിഷ്ണുതയുടെ വേദിയായിമാറുന്നതാണ് കഴിഞ്ഞ ദിവസങ്ങളിൽ നടന്ന യൂണിയൻ തെരഞ്ഞെടുപ്പ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. തങ്ങളുടെ വിദ്യാർത്ഥി പ്രസ്ഥാനത്തോട് ചേരാത്ത എല്ലാ വിദ്യാർത്ഥി പ്രസ്ഥാനങ്ങളെയും ബലം പ്രയോഗിച്ച് ഇല്ലായ്മ ചെയ്യാനുളള ശ്രമവും ഭീഷണികളും കോളേജ് കാമ്പസുകളിൽ സജീവമായിരിക്കുന്നു. പരിയാരം മെഡിക്കൽ കോളേജ് ഭരണസമിതികളിലേക്കുള്ള തെരഞ്ഞെടുപ്പിൽ ജനാധിപത്യം അട്ടിമറിക്കപ്പെട്ടതായി കോടതി നിരീക്ഷിച്ചതിന് സമാനമായ അസഹിഷ്ണുതയും അട്ടിമറിയും പ്രസിഡൻഷ്യൽ രീതിയിൽ തെരഞ്ഞെടുപ്പ് നടന്ന പല കോളേജുകളിലും നടന്നതായി ആരോപണം ഉയർന്നിട്ടുണ്ട്. ഈ അസഹിഷ്ണുതയുടെ ബഹിർസ്ഫുരണമാണ് വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ രക്തരൂഷിത കലാപം. പാർട്ടിക്കായി അംഗങ്ങളെ റിക്രൂട്ട് ചെയ്യുന്ന വേദിയായാണ് കലാലയ രാഷ്ട്രീയത്തെ രാഷ്ട്രീയ കക്ഷികൾ കണക്കാക്കുന്നത്. വ്യക്തമായ രാഷ്ട്രീയ അഭിപ്രായങ്ങൾ രൂപീകരിക്കാൻ കഴിയാത്ത കാലത്തു തന്നെ ഏതെങ്കിലും രാഷ്ട്രീയ കക്ഷിയുടെ കെട്ടുപാടിൽ പെടുന്ന വിദ്യാർത്ഥി പിന്നീട് അതിൽനിന്ന് മുക്തി നേടാൻ കഴിയാതെ അങ്കലാപ്പിലാവുന്നു.

ഈ വിദ്യാർത്ഥി, പ്രസ്ഥാനം വിട്ടുപോയാൽ ഉണ്ടാകുന്ന പൊല്ലാപ്പും ബലപ്രയോഗവും ഭീകരമാണ്. എന്തിന്, കൊലപാതകത്തിലേക്ക് പോലും അത് നയിക്കപ്പെടുന്നു. കക്ഷിരാഷ്ട്രീയത്തെ അടിസ്ഥാനമാക്കിയുള്ള വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ കോളേജുകളെ രാഷ്ട്രീയ അഭ്യാസപ്രകടനങ്ങളുടെയും അക്രമങ്ങളുടെയും വേദിയാക്കി മാറ്റുകയാണ്. യഥാർത്ഥത്തിൽ, ഇന്ന് പല കോളേജുകളിലും നടമാടുന്നത് ജനാധിപത്യത്തിന് നിരക്കാത്ത പ്രവർത്തികളും പ്രവണതകളുമാണ്. ഈ രീതിയിലാണ് കുട്ടികളും പരിശീലിപ്പിക്കപ്പെടുന്നത്. കലാലയങ്ങളിലെ ഇത്തരം പ്രവണതകൾ കേരള രാഷ്ട്രീയത്തെ വരും കാലങ്ങളിൽ കൂടുതൽ അസഹിഷ്ണുതയിലേക്കും അതിക്രമങ്ങളിലേക്കും നയിക്കും. ഈ സാഹചര്യം മുന്നിൽകണ്ടാണ് രാഷ്ട്രീയജ്ഞാനം ആർജ്ജിക്കാൻ കലാലയങ്ങളിൽ വേദിയൊരുക്കണമെങ്കിലും യൂണിയൻ തിരഞ്ഞെടുപ്പ് കക്ഷിരാഷ്ട്രീയത്തിനതീതമായി  വേണമെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എജ്യൂക്കേഷൻ പോലുള്ള പ്രസ്ഥാനങ്ങൾ നിരന്തരമായി ആവശ്യപ്പെടുന്നത്. രാഷ്ട്രീയാശയങ്ങളും നിലപാടുകളും വിശകലനം ചെയ്യാൻ മനസ്സിലാക്കുവാനുളള വേദികൾ കലാലയങ്ങളിലുണ്ട്. ഇല്ലെങ്കിൽ ഉണ്ടാക്കണം. എന്നാൽ, കക്ഷിരാഷ്ട്രീയത്തിന്റെയും വിദ്യാർത്ഥി രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും ഇടപെടലുകൾ പഠനാന്തരീക്ഷം തകർത്തു കലാലയങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അട്ടിമറിക്കുമെന്നാണ് നീരിക്ഷിക്കപ്പെടുന്നത് യഥാർത്ഥത്തിൽ കാമ്പസുകളിലെ കലാപ രാഷ്ട്രീയത്തിന് പിന്തുണ നൽകുന്നത് തൊഴിലാളി സംഘടനകളും രാഷ്ട്രീയപാർട്ടികളുമാണ് . ഈ യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടാണ് കോളേജ് രാഷ്ട്രീയം കോടതി നിരോധിച്ചത്. എന്നാൽ,  അവധി അവഗണിച്ചാണ് റസിഡൻഷ്യൽ രീതിയിൽ മാത്രം യൂണിയൻ തെരഞ്ഞെടുത്ത് നടത്തണമെന്ന് ചില യൂണിവേഴ്സിറ്റികൾ ആവശ്യപ്പെട്ടത്. കൂടിതൽ അഫിലിയേറ്റഡ് കോളേജുകളിലുള്ള യൂണിവേഴ്സിറ്റികളിൽ പാർലമെന്റ് രീതിയിലുള്ള തെരഞ്ഞെടുപ്പ് അഭികാമ്യമെന്ന ലിങ്ദോ  കമ്മീഷന്റെ നിലപാടുകളും ഇവിടെ രാഷ്ട്രീയ നേട്ടങ്ങൾക്കായി അട്ടിമറിക്കപ്പെട്ടു. അതിന്റെ ഫലമാണിന്ന്  കോളേജുകൾ കലാപപരീശിലന ഭൂമിയായി മാറുന്നത്. ഇതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും രാഷ്ട്രീയനേതൃത്വത്തിനും യൂണിവേഴ്സിറ്റിക്കും ഒഴിഞ്ഞുമാറുവാനാവില്ല. കലാലയങ്ങളിൽ കക്ഷിരാഷ്ട്രീയമില്ലെങ്കിൽ വർഗ്ഗീയചിന്തകൾ വളരുമെന്നാണ് ചിലർ പ്രചരിപ്പിക്കുന്നത്. എന്നാൽ, കലാലയങ്ങൾ കക്ഷിരാഷ്ട്രീയവത്ക്കരിക്കപ്പെടുന്നതിനു മുമ്പ് വിദ്യാർത്ഥികൾ ഇപ്പോഴുള്ളതിൽ നിന്ന് എത്രയോ കുറവ് മാത്രമാണ് വർഗീകരിക്കപ്പെട്ടിരുന്നത് എന്നതിന് ചരിത്രം സാക്ഷിയാണ്. എതാണ്ട് 10 വർഷമായി കക്ഷിരാഷ്ട്രീയമില്ലാതെ പാർലമെന്ററി രീതിയിൽ ഇലക്ഷൻ നടത്തുന്ന കോളേജുകൾ കേരളത്തിലുണ്ട്.

അവിടെയൊരിടത്തും വർഗീയത വളർന്നില്ല. ഉന്നതമായ ജനാധിപത്യ മര്യാദകൾ പാലിക്കുന്ന രാജ്യങ്ങളിലെ ഉന്നതവിദ്യാപീഠങ്ങളിലൊന്നും പാർട്ടിയടിസ്ഥാനത്തിലുള്ള  വിദ്യാർത്ഥി രാഷ്ട്രീയമില്ലായെന്നും ഓർക്കണം. ധൂർത്തും പാലിക്കുന്ന രാജ്യങ്ങളിലെ ഉന്നത വിദ്യാപീഠ അഴിമതിയും അക്രമവാസനയും വളർത്തുകയാണ് പാർട്ടിരാഷ്ട്രീയം ചെയ്യുന്നത്. കലാലയരാഷ്ട്രീയത്തിന്റെ ഫലമായ കലാപങ്ങളും കൊലപാതകങ്ങളും ഈ പ്രശ്നപരിഹാരത്തിനായുള്ള മാർഗ്ഗങ്ങളിലേക്ക് നമ്മെ നയിക്കണം. അല്ലാതെ കേവലം വിവാദങ്ങളിൽ മാത്രം മുഴുകി കഴിയുന്നവരായി മാറുന്നത് സാമൂഹിക പുരോഗതിയെ തളർത്തുകയാവും ചെയ്യുന്നത്.

05. **കേരളത്തിൽ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കണം : കത്തോലിക്ക കോൺഗ്രസ്**

(Deepika 27-10-2007)

കേരളത്തിൽ കേന്ദ്ര മാതൃകയിൽ നിയമാനുസൃതമുള്ള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കണമെന്ന് അഖിലകേരള കത്തോലിക്ക കോൺഗ്രസ് ആവശ്യപ്പെട്ടു. കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ നിയമമനുസരിച്ച് എല്ലാ സംസ്ഥാനങ്ങളിലും സംസ്ഥാന കമ്മീഷൻ രൂപീകരിക്കണമെന്നുള്ള നിർദ്ദേശം നടപ്പാക്കണം. ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസ സ്ക്കോളർഷിപ്പുകളും ആനുകൂല്യങ്ങളും ലഭിക്കാൻ, ഇത് സഹായകരമായിരിക്കും. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള സാധാരണക്കാരായ ന്യൂനപക്ഷക്കാർക്ക് ഒട്ടനവധി ആനുകുല്യങ്ങൾ സമ്പാദിക്കാൻ സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളോടുകൂടിയ കമ്മീഷനു കഴിയും. കേരളത്തിലെ പ്രത്യേക സാഹചര്യങ്ങളിൽ ന്യൂനപക്ഷ സമുദായങ്ങളുടെ വിദ്യാഭ്യാസ സാമൂഹിക രംഗങ്ങളിലെ പ്രവർത്തനങ്ങൾക്ക് കമ്മീഷന്റെ രൂപീകരണം സഹായകരമായിരിക്കണം. സച്ചാർ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മുസ്ലീം സമുദായാഗംങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനും വേണ്ടിയുള്ള സംസ്ഥാന സർക്കാരിന്റെ നടപടികൾ സ്വാഗതം ചെയ്യുമ്പോൾ തന്നെ ക്രൈസ്തവ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനം കൂടി സംസ്ഥാന സർക്കാർ കണക്കിലെടുക്കണമെന്നും ദളിത് ക്രൈസ്തവരുടെ സംവരണ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കണമെന്നും കത്തോലിക്ക കോൺഗ്രസ്സ് ജനറൽ സെക്രട്ടറി അഡ്വ. ജോസ് വിതയത്തിൽ ആവശ്യപ്പെട്ടു.

ന്യൂനപക്ഷ ക്ഷേമ ബോർഡ് രൂപീകരിക്കുമ്പോൾ അത് രാഷ്ട്രീയവത്ക്കരിക്കരുതെന്നും എല്ലാ പ്രധാന ന്യൂനപക്ഷ സമുദായങ്ങൾക്കും പ്രാതിനിധ്യം കൊടുത്തുകൊണ്ട് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് എം. ഡി ജോസഫ് മണ്ണിപറമ്പിലിന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം മുഖ്യമന്ത്രിയേയും പ്രതിപക്ഷ നേതാവിനെയും സന്ദർശിച്ചു നിവേദനം കൊടുക്കുമെന്ന് ജനറൽ സെക്രട്ടറി അഡ്വ. ജോസ് വിതയത്തിൽ അറിയിച്ചു.

06. **ഈ വർഷം 29 ഹർത്താൽ** (Malayala Manorama 01-11-2007)

പ്രാദേശികവും സംസ്ഥാന വ്യാപകമായും രണ്ടു വർഷത്തിനിടെ സംസ്ഥാനത്ത് അരങ്ങേറിയതു 42 ഹർത്താലുകൾ. ഈ വർഷം ഇതുവരെ ഹർത്താലുകളുടെ എണ്ണം 29. ഇന്നു നടക്കുന്ന ബി. ജെ. പി ഹർത്താൽ കൂടിയാവുമ്പോൾ 30 തികയും. 2007 അവസാനിപ്പിക്കാൻ രണ്ടു മാസം കൂടി ബാക്കിയുള്ളതിനാൽ ഹർത്താലുകളുടെ മൊത്തം എണ്ണം മോശമാവില്ലെന്നു കരുതാം. രണ്ടു വർഷത്തെ കണക്കെടുപ്പനുസരിച്ച് യു. ഡി. എഫ് ആണു ഹർത്താൽ ആഹ്വാനത്തിൽ മുന്നിൽ. മൊത്തം 14 ഹർത്താൽ. ബി. ജെ. പി വ്യവസായികളും ജനങ്ങളെ ബന്ദിയാക്കുന്നതിൽ മോശക്കാരല്ലെന്നു തെളിയിച്ചു.

ഹർത്താലുകൾക്കു വേണ്ടി മാത്രമായി തയ്യാറാക്കിയ ഹർത്താൽ. കോം എന്ന വെബ് സൈറ്റിലാണ് കേരളത്തിലെ ഹർത്താലുകളുടെ സ്ഥിതിവിവര കണക്കു രേഖപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്ത് മൂന്നു വർഷമായി നടക്കുന്ന ഹർത്താലുകളുടെ വിശദവിവരങ്ങൾ സൈറ്റിലുണ്ട്. താലൂക്ക് അടിസ്ഥാനത്തിൽ പോലും നടക്കുന്ന ഹർത്താലുകളും നടക്കാൻ പോകുന്ന ഹർത്താലും സൈറ്റിൽ രേഖപ്പെടുത്തും. വായനക്കാർക്ക് അഭിപ്രായം രേഖപ്പെടുത്താനും ഹർത്താൽ ആഹ്വാനം ചെയ്തവരോട് പ്രതികരിക്കാനും സൈറ്റ് അവസരമൊരുക്കിയിട്ടുണ്ട്. ഈ വർഷം ജനുവരി 13-നു പാലക്കാട് ജില്ലാ ഹർത്താലോടെയായിരുന്നു തുടക്കം. യുവമോർട്ടാ പ്രവർത്തകരെ മർദ്ദിച്ചതിനെതിരെ ബി. ജെ. പി ആഹ്വാനം ചെയ്തതായിരുന്നു ഹർത്താൽ. രണ്ടു പ്രവർത്തകരെ കൊലപ്പെടുത്തിയതിനെതിരെ കഴിഞ്ഞ ചൊവ്വാഴ്ച ഹർത്താൽ നടത്തി സി. പി. എം പകരം വീട്ടുകയും ചെയ്തു.

വ്യവസായ വാണിജ്യ തലസ്ഥാനമായ എറണാകുളം ജില്ലയിൽ നടന്ന ഹർത്താലുകളുടെ എണ്ണം ഞെട്ടിക്കുന്നതാണ്. തട്ടേക്കാട് ബോട്ടു ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഫെബ്രുവരി 21-ന് അങ്കമാലിയിലും തട്ടേക്കാടും നടത്തിയ ഹർത്താലായിരുന്നു ആദ്യത്തേത്. ജൂൺ ഒന്നിന് ആലുവയിൽ മർച്ചന്റ്സ് യൂണിയൻ ഹർത്താൽ നടത്തി. ജൂലൈ 20-നു മാലിന്യ സംസ്കരണത്തിനെതിരെ പച്ചാളം നിവാസികളും ഓഗസ്റ്റ് നാലിനു കോൺഗ്രസ് ഓഫിസ് ആക്രമണത്തിനെതിരെ ഡി. സി. സി ആഹ്വാനം ചെയ്ത ഹർത്താലും നടന്നു.